# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നം:ഇ.എസ്1/036965/17 ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 22.12.2021

## ലേലം / ടെണ്ടർ വ്യവസ്ഥകൾ

വിഷയം :കെ.എസ്.ആർ.ടി.സി.-യുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ **(ഷോപ്പിംഗ് കോംപ്ലക്സുകൾ ഒഴികെ )** കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ലേലം / ടെണ്ടർ വ്യവസ്ഥകൾ - ഭേദഗതി വരുത്തിയത് സംബന്ധിച്ച് : -

സൂചന : 23/04/2021 –ൽ ചേർന്ന 407-ാമത് ഭരണസമിതിയോഗ തീരുമാനം അജണ്ട ഇനം നമ്പർ 66/407/2021

1. 01/01/2022 മുതൽ ( വാണിജ്യ സമുച്ചയത്തിലെ കടമുറികൾ ഒഴികെ ) എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും നിരതദ്രവ്യം 50,000/- (അൻപതിനായിരം) രൂപയായിരിക്കും. എന്നാൽ യാത്രക്കാർ വന്നു പോകാത്ത ബസ് സ്റ്റേഷനുകൾക്കും വർക്ക്ഷോപ്പുകൾക്കും നിരതദ്രവ്യം 10,000/- (പതിനായിരം) രൂപയായിരിക്കും കച്ചവടം നടത്തുവാൻ താൽക്കാലിക ലൈസൻസ് ലഭിക്കുന്ന ലൈസൻസിയുടെ നിരതദ്രവ്യം സെക്യൂരിറ്റി തുകയായി പരിഗണിക്കുന്നതും അത് കാലാവധി കഴിയുമ്പോൾ പലിശയില്ലാതെ തിരികെ നൽകുന്നതുമാണ്.
2. പരമാവധി 5 വർഷം മാത്രമാണ് ഒരു ലൈസൻസിയുടെ പ്രവർത്തന കാലാവധി. ലേലം / ടെണ്ടർ വ്യവസ്ഥയിലൂടെ ലൈസൻസ് നേടി ഒന്നാമത്തെ വർഷത്തിന് ശേഷം തുടർന്നുള്ള 4 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ച് നൽകുന്നത് നിലവിലെ ലൈസൻസ് ഫീയുടെ 10 % വീതം വർദ്ധനവിലായിരിക്കും. ആകെ 4 വർഷത്തേയ്ക്ക് മാത്രമേ ലൈസൻസ് കാലാവധി പുതുക്കി നൽകുകയുള്ളൂ. ഇതിനുള്ള പൂർണ്ണാധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. കോർപ്പറേഷൻ അനുവദിച്ച് നൽകുന്ന സ്ഥലത്ത് സ്വന്തം ചെലവിൽ കെട്ടിടം നിർമ്മിച്ച് കട നടത്തുന്ന ലൈസൻസികൾക്ക് 10% വാർഷിക വർദ്ധനവോടുകൂടി 7 വർഷം തുടരാവുന്നതാണ്. വളരെ ജീർണ്ണിച്ച അവസ്ഥയിലുള്ള കെട്ടിടം വളരെ അധികം തുക ചെലവഴിച്ച് നവീകരിച്ച് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾക്കും 10 % വാർഷിക വർദ്ധനവോടു കൂടി ലൈസൻസിയ്ക്കും കോർപ്പറേഷനും സമ്മതമാണെങ്കിൽ 7 വർഷം തുടരാവുന്നതാണ്.
3. ടെണ്ടർ ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ഭാഗവും പൂരിപ്പിക്കേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല. ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തി നടത്തുവാൻ ഉദ്ദേശിക്കുന്ന കച്ചവടം ടെണ്ടർ ഫാറത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത ഒരു കച്ചവടവും അനുവദനീയമല്ല. പിന്നീട് മാറ്റി നൽകുന്നതല്ല.

4. ലേലം / ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്നതിനായി ടെണ്ടർ സമർപ്പിക്കുന്ന വ്യക്തി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് , ആധാർ കാർഡ് എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ ടെണ്ടർ ഫോമിനോടൊപ്പം ഹാജരാക്കണം
മേൽപ്പറഞ്ഞവയിൽ പേരും, മേൽ വിലാസവും വ്യത്യസ്തമാണെങ്കിൽ പ്രസ്തുത പേരിലും മേൽ വിലാസങ്ങളിലും ഉള്ള വ്യക്തി ഒരാൾ തന്നെയാണെന്നുള്ള വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റിന്റെ അസ്സൽ ടെണ്ടറിനോടൊപ്പം ഹാജരാക്കിയിരിക്കണം.

5. ലേലം / ടെണ്ടർ നടപടിയിൽ നേരിട്ട് പങ്കെടുക്കുവാൻ കഴിയാത്തവർ, അവർ ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തിയുടെ സാക്ഷ്യപത്രം അങ്ങനെ നിയോഗിക്കപ്പെടുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്നതിനായി ഖണ്ഡിക 4-ൽ പറഞ്ഞിട്ടുള്ള തിരിച്ചറിയിൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അധികാരപത്രത്തോടൊപ്പം ഹാജരാക്കിയിരിക്കണം.

6. യാതൊരു കാരണവശാലും ടെണ്ടർ നടപടി പൂർത്തീകരിക്കുന്നതിനു മുൻപായി ടെണ്ടറുകൾ പിൻ വലിക്കാൻ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്ന പക്ഷം ടി വ്യക്തിയുടെ നിരതദ്രവ്യം കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്. ടെണ്ടർ സ്ഥിരീകരിച്ചു കിട്ടുന്ന വ്യക്തി കേന്ദ്ര കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന താൽക്കാലിക ഉത്തരവിന്റെ തീയതി മുതൽ ഒരു മാസത്തിനകം വ്യവസ്ഥാ പ്രകാരമുള്ള തുകകൾ ഒടുക്കി കരാറിൽ ഏർപ്പെട്ട് പ്രവർത്തനം ആരംഭിക്കേണ്ടതാണ്. കോർപ്പറേഷൻ നിർദ്ദേശിക്കുന്ന സമയത്തിനകം വ്യവസ്ഥാ പ്രകാരം ഒടുക്കേണ്ട തുകകൾ ഒടുക്കി കരാറിൽ ഏർപ്പെടേണ്ടതുമാണ്. അങ്ങനെ ചെയ്യാത്തവരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും ആയതിൽ കവിഞ്ഞു കോർപ്പറേഷന് നഷ്ടം ഉണ്ടാവുകയാണെങ്കിൽ കേരള റവന്യൂ റിക്കവറി നിയമം അനുസരിച്ച് ടി നഷ്ടം ഈടാക്കുന്നതാണ്.

7. താൽക്കാലികമായി ടെണ്ടർ അംഗീകരിച്ച് , ലൈസൻസ് ഫീസ് ടെണ്ടററിൽ നിന്നും സ്വീകരിച്ചു എന്ന കാരണത്താൽ അയാളുടെ ടെണ്ടർ അംഗീകരിച്ചതായി കണക്കാക്കുകയില്ല. ടെണ്ടർ രേഖകൾ പരിശോധിച്ച് വ്യവസ്ഥകൾക്ക് വിധേയമല്ലായെന്നു ബോദ്ധ്യപ്പെട്ടാൽ പ്രസ്തുത ടെണ്ടർ തിരസ്കരിക്കുകയും ഒടുക്കിയ തുകകൾ പലിശയില്ലാതെ മടക്കി നൽകുന്നതാണ്.

8. കോർപ്പറേഷന്റെ ഏതെങ്കിലും ബസ് സ്റ്റേഷനുകളിലോ വർക്ക്ഷോപ്പുകളിലോ ഓഫീസുകളിലോ കച്ചവട സ്ഥാപനങ്ങൾ നടത്തി ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തിയ വ്യക്തികൾക്കും ഇതുമായി ബന്ധപ്പെട്ട് കേസ് നടത്തുന്നവർക്കും മറ്റു കഷ്ടനഷ്ടങ്ങൾ മൂലമുള്ള തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടി നേരിടുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടെണ്ടർ നടപടിയിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല.

9. ടെണ്ടറിൽ പങ്കെടുക്കുന്ന വ്യക്തി ക്രിമിനൽ കേസുകളിൽ പ്രതിയായിരിക്കുവാൻ പാടുള്ളതല്ലാത്തതും അതു സംബന്ധിച്ച് സത്യവാങ്മൂലം ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കോർപ്പറേഷനെതിരെ കോടതി വ്യവഹാരത്തിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തതും ആയതിന് ഒരു സത്യവാങ്മൂലം ടെണ്ടർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ആയത് ശരിയല്ലെന്ന് പിന്നീട് ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതാണ്. റവന്യൂ റിക്കവറി നേരിടുന്ന വ്യക്തിയല്ലായെന്ന സത്യവാങ് മൂലം ഹാജരാക്കേണ്ടതാണ്.

10. കച്ചവട സ്ഥാപനത്തിലേയ്ക്കുള്ള വെള്ളം, വൈദ്യുതി എന്നിവ ലൈസൻസി സ്വന്തം ചെലവിൽ കണ്ടെത്തേണ്ടതാണ്. അതിനു വരുന്ന ചിലവ് കോർപ്പറേഷൻ വഹിക്കുന്നതല്ല. വെള്ളം, വൈദ്യുതി എന്നിവയ്ക്ക് വിലയായി ഏകദേശം നൽകേണ്ടി വരുന്ന ഒരു വർഷത്തെ ആകെ തുകയുടെ 25 % നിക്ഷേപമായി ഒടുക്കേണ്ടതും , ആയത് കാലാവധി കഴിയുമ്പോൾ ബാദ്ധ്യത കുറച്ച് പലിശ ഇല്ലാതെ തിരികെ നൽകുന്നതുമാണ്.

11. കച്ചവടം നടത്തുന്നതിനായി ബന്ധപ്പെട്ട സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസി സ്വന്തം ചെലവിൽ ലൈസൻസ് നേടിയിരിക്കണം. ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോർപ്പറേഷന് യഥാ സമയങ്ങളിൽ നൽകേണ്ടതാണ്. കച്ചവടവുമായി ബന്ധപ്പെട്ടുള്ള എല്ലാ നിയമങ്ങളും ലൈസൻസിയ്ക്ക് ബാധകമായിരിക്കുന്നതാണ്.

12. ഒരു ലൈസൻസിയ്ക്ക് അനുവദിച്ച ലൈസൻസ് യാതൊരു കാരണവശാലും പാട്ടത്തിനോ, മേലാദായത്തിനോ, കീഴ് വാടകയ്ക്കോ നൽകുവാൻ പാടുള്ളതല്ല, ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ലൈസൻസ് റദ്ദ് ചെയ്യുന്നതായിരിക്കും. കൂടാതെ ടിയാൻ ഒടുക്കിയ തുക കെ.എസ്.ആർ.ടി.സി യിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്.

13. കോർപ്പറേഷന്റെ താല്പ്പര്യത്തിനും പൊതുതാൽപ്പര്യത്തിനും ഹാനികരമായി പ്രവർത്തിക്കുന്ന ലൈസൻസികളുടെ ലൈസൻസ് റദ്ദു ചെയ്യപ്പെടുന്നതാണ്. മദ്യം, ലഹരി പാനീയങ്ങൾ, സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ കോർപ്പറേഷന്റെ താൽപ്പര്യത്തിനു വിരുദ്ധമായ കച്ചവടം എന്നിവ ഒരു കാരണവശാലും നടത്തുവാൻ പാടില്ല. ലൈസൻസ് ഫീ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ലൈസൻസികളുടെ ലൈസൻസ് മുന്നറിയിപ്പ് ഇല്ലാതെ തന്നെ റദ്ദ് ചെയ്യുന്നതാണ്.

14. ഏതെങ്കിലും കാരണവശാൽ ലൈസൻസി കോർപ്പറേഷന്റെ സ്ഥലത്തു നിന്നും ഒഴിഞ്ഞുപോകേണ്ടത് കോർപ്പറേഷന്റെ ഉത്തമ താൽപ്പര്യത്തിന് അനുസൃതമാണെങ്കിൽ പരമാവധി മൂന്നു മാസത്തെ നോട്ടീസ് കാലാവധിയിൽ ലൈസൻസി കച്ചവട സ്ഥാപനം ഒഴിഞ്ഞുപോകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് യാതൊരു നഷ്ടപരിഹാരത്തിനും ലൈസൻസിയ്ക്ക് അർഹതയില്ല. പ്രസ്തുത സാഹചര്യത്തിൽ ലൈസൻസിയ്ക്ക് അവകാശപ്പെട്ട തുക കോർപ്പറേഷന്റെ കൈവശം ഉണ്ടെങ്കിൽ കോർപ്പറേഷന് ലഭിക്കേണ്ടതായിട്ടുള്ള തുകകൾ കുറവ് ചെയ്യുന്നതാണ്.

15. ഏതെങ്കിലും കാരണവശാൽ ലൈസൻസിയ്ക്ക് കച്ചവട സ്ഥാപനം നടത്തികൊണ്ടു പോകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ കച്ചവടം അവസാനിപ്പിച്ച് സ്ഥാപനം ഒഴിയണമെങ്കിൽ കുറഞ്ഞത് മൂന്നു മാസം മുൻപ് തന്നെ അതിനായുള്ള അപേക്ഷ ബന്ധപ്പെട്ട അധികാരിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അങ്ങനെ യഥാസമയം അപേക്ഷ നൽകാതെ കച്ചവടം അവസാനിപ്പിക്കുന്ന ലൈസൻസിയിൽ നിന്നും കോർപ്പറേഷനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ പിഴയായി ഈടാക്കുന്നതാണ്. ലേലം / ടെണ്ടർ നടപടികൾക്ക് Unit Officer, DE, Marketing executive എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടായിരിക്കേണ്ടതാണ്.

16. ലേലം / ടെണ്ടർ അംഗീകരിച്ച് കേന്ദ്ര കാര്യാലയത്തിൽ നിന്നും താല്ക്കാലിക ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം ചുവടെ സൂചിപ്പിക്കും വിധം തുകകൾ ഒടുക്കേണ്ടതും നിബന്ധനകൾ പാലിക്കേണ്ടതുമാണ്.

    (a). മൂന്നു മാസത്തെ ലൈസൻസ് ഫീ (ഇഎംഡി യ്ക്കു പുറമേ ) , സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഒടുക്കേണ്ടതാണ്.

(b). ആദ്യത്തെ 6 മാസത്തെ ലൈസൻസ് ഫീ ഒടുക്കി കരാറിൽ ഏർപ്പെടേണ്ടതാണ്.

(c). കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ പ്രവർത്തനം തുടങ്ങേണ്ടതും പ്രസ്തുത തീയതി മുതൽ പ്രവർത്തന കാലാവധി ആരംഭിച്ചതായി കണക്കാക്കുന്നതാണ്.

(d). ബാക്കി 6 മാസത്തെ ലൈസൻസ് ഫീ 6 (ആറ്) തവണകളായി കരാർ തീയതി മുതൽ തൊട്ടടുത്ത മാസത്തെ 5-ാം തീയതിയ്ക്കു മുൻപായി ഒടുക്കേണ്ടതാണ്. താമസിച്ചുള്ള ഒടുക്കലുകൾക്ക് 18 % വാർഷിക നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

(e). ഒന്നിൽ കൂടുതൽ തവണ ലൈസൻസ് ഫീ ഒടുക്കുന്നതിന് കാല താമസം വരുത്തുന്ന പക്ഷം ഒരു മാസത്തെ നോട്ടീസ് പീരീഡിൽ കരാർ റദ്ദ് ചെയ്ത് പുതിയ ലൈസൻസിയെ കണ്ടെത്തുന്നതും ഒടുക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതുമാണ്.

17. പതിനാറാം ഖണ്ഡികയിൽ വിവരിച്ചിട്ടുള്ള തവണ വ്യവസ്ഥകളല്ലാതെ കൂടുതൽ തവണകൾ ലൈസൻസ് ഫീ അടയ്ക്കുന്നതിന് ഒരു കാരണവശാലും അനുവദിക്കുന്നതല്ല. മേൽപ്പറഞ്ഞ തവണകളോടൊപ്പം ചരക്ക് സേവന നികുതി ലൈസൻസി ഒടുക്കേണ്ടതാണ്. കൂടാതെ കാലാ കാലങ്ങളിൽ സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന എല്ലാ വിധ നികുതികളും ലൈസൻസി ഒടുക്കേണ്ടതാണ്.

18. കരാർ കാലാവധിയിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ , നിലവിലെ ലൈസൻസ് കാലാവധി പൂർത്തിയാക്കുന്നതു വരെ മാത്രം ലൈസൻസിയുടെ നാമ നിർദ്ദേശം ചെയ്യപ്പെട്ട നിയമപരമായ അവകാശിയെ തുടരുവാൻ അനുവദിക്കുന്നതാണ്. ലൈസൻസി കാരണം ബാദ്ധ്യതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത അവകാശി തീർക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ അവകാശിയെ കരാറിൽ ഏർപ്പെടുമ്പോൾ തന്നെ നാമ നിർദ്ദേശം ചെയ്യേണ്ടതാണ്. ആയതിന് ശേഷമുള്ള ഒരു അവകാശവാദങ്ങളും നിലനിൽക്കുന്നതല്ല.

19. കേന്ദ്ര സർക്കാർ / കേരള സംസ്ഥാന സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / കെ.എസ്.ആർ.ടി.സി എന്നിവയുടെ നിലവിലുള്ള നിയമങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാറ്റങ്ങൾക്ക് വിധേയമായി മാത്രമേ ലൈസൻസി പ്രവർത്തിക്കുവാൻ പാടുള്ളൂ.

20. കെ.എസ്.ആർ.ടി.സി –യുടെ ഉദ്യോഗസ്ഥന്മാർ കച്ചവട സ്ഥാപനങ്ങൾ പരിശോധിക്കുമ്പോൾ നിയമങ്ങളും, ചട്ടങ്ങളും അനുസരിക്കാതെ പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ലൈസൻസികളിൽ നിന്നും 5000 /- (അയ്യായിരം) രൂപ വരെ പിഴ ചുമത്തുന്നതിനും കൂടാതെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതിന് കെ.എസ്.ആർ.ടി.സി–യ്ക്ക് അധികാരം ഉണ്ടായിരിക്കും. മേൽപ്പറഞ്ഞ വിഷയവുമായി ഉണ്ടാകുന്ന പരാതികൾ ബന്ധപ്പെട്ട യൂണിറ്റ് ഓഫീസർമാരെ രേഖാമൂലം അറിയിക്കേണ്ടതും ആയതിന് പരിഹാരം ലഭിച്ചില്ലായെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ എസ്റ്റേറ്റ് ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്.

21. ലേലം / ടെണ്ടർ നടത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം ടെണ്ടറിനു മുൻപ് നടത്തേണ്ടതും എന്തെങ്കിലും

പരാതികൾ ഉണ്ടെങ്കിൽ ഉദാ: സ്ഥല ലഭ്യത , NOC ലഭിക്കുന്നതിനുള്ള സാദ്ധ്യത എന്നിങ്ങനെ ടെണ്ടറിനു മുൻപായി സമർപ്പിക്കേണ്ടതാണ്. ലേലം / ടെണ്ടർ നടന്ന ശേഷം യാതൊരു വിധ പരാതിയും പരിഗണിക്കുന്നതല്ല.

22. പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ ഏതു ടെണ്ടറും നിരസിക്കുവാനുള്ള പരമാധികാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

23. ലേലം / ടെണ്ടർ ലൈസൻസ് പ്രവർത്തനം എന്നിവ സംബന്ധിച്ചുണ്ടാകുന്ന കേസുകളുടെ അധികാര പരിധി (Jurisdiction) തിരുവനന്തപുരം കോടതികൾക്കായിരിക്കുന്നതാണ്.

## വ്യവസ്ഥകൾ (specific)

- **ക്യാന്റീൻ , എൽ.ആർ. സ്റ്റാൾ എന്നിവയ്ക്ക് വേണ്ടി മേൽപ്പറഞ്ഞ വ്യവസ്ഥകൾ (general) കൂടാതെ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ലൈസൻസി പാലിക്കേണ്ടതാണ്.**

1). ക്യാന്റീൻ , എൽ.ആർ.സ്റ്റാൾ എന്നിവയ്ക്ക് വെള്ളം, വൈദ്യുതി എന്നിവ ലൈസൻസി സ്വന്തം ചെലവിൽ കണ്ടെത്തേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ പുറമേ നിന്നും വെള്ളം കൊണ്ടു വരേണ്ട സാഹചര്യമുണ്ടായാൽ ലൈസൻസി അത് സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.

2). കോർപ്പറേഷൻ അംഗീകരിച്ച ഭക്ഷണ പദാർത്ഥങ്ങളുടെ വില വിവര പട്ടിക ജീവനക്കാർക്കും പൊതു ജനങ്ങൾക്കും കാണാവുന്ന വിധത്തിൽ വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. ഹോട്ടൽ എന്ന പദവി ക്യാന്റീനിന് നൽകുകയില്ല.

3). ക്യാന്റീനുകളിൽ food Safety നിയമങ്ങൾക്ക് അനുസൃതമായ ഭക്ഷണ പദാർത്ഥങ്ങൾ മാത്രമേ വിൽക്കുവാൻ പാടുള്ളു. സ്റ്റാളുകളിൽ വിൽക്കുന്ന സാധനങ്ങൾ ക്യാന്റീനിൽ വിൽക്കുവാൻ അനുവദിക്കുന്നതല്ല.

4). എൽ.ആർ. സ്റ്റാളിൽ ചായ, കാപ്പി പാചകം ചെയ്യപ്പെട്ട ലഘു ഭക്ഷണങ്ങൾ എന്നിവയൊഴികെ മറ്റൊന്നും വിൽക്കാൻ പാടില്ല.

5). എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ എന്നിവയിലേയ്ക്ക് ലൈസൻസി രജിസ്ട്രേഷൻ നേടി തുകകൾ യഥാ സമയം ഒടുക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ടി തുകകൾ ഒടുക്കിയില്ലെങ്കിൽ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതും ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന ബാദ്ധ്യതകൾ ലൈസൻസിയിൽ നിന്നും ഈടാക്കുന്നതാണ്. മാത്രമല്ല കച്ചവട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട തൊഴിൽ നിയമങ്ങൾ പാലിക്കാനും ലൈസൻസി ബാദ്ധ്യസ്ഥനാണ്.

6). ക്യാന്റീൻ ലൈസൻസി എല്ലാ തൊഴിൽ നിയമങ്ങളും പാലിക്കേണ്ടതും തന്റെ സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട യൂണിറ്റ് അധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

7). ക്യാന്റീൻ ലൈസൻസി തന്റെ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ Health Card സൂക്ഷിക്കേണ്ടതാണ് .

8). ലൈസൻസി തന്റെ സ്ഥാപനം ഭക്ഷ്യ സുരക്ഷാ നിയമങ്ങൾക്ക് അനുസൃതമായ രീതിയിൽ നടത്തിക്കൊണ്ട് പോകേണ്ടതാണ്.

* **<u>പെയ്ഡ് യൂറിനൽ കംഫർട്ട് സ്റ്റേഷൻ എന്നിവയ്ക്ക് വേണ്ടി</u> മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ലൈസൻസി പാലിക്കേണ്ടതാണ്.**

1) പെയ്ഡ് യൂറിനൽ / കംഫർട്ട് സ്റ്റേഷൻ എന്നിവ വൃത്തിയായും ശുചിയായും സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ലൈസൻസിയിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്. ഇതിനുള്ള ചിലവ് കോർപ്പറേഷൻ യാതൊരു കാരണവശാലും വഹിക്കുന്നതല്ല . പെയ്ഡ് യൂറിനൽ /കംഫർട്ട് സ്റ്റേഷൻ എന്നിവ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിന് ആവശ്യമായ ഡിറ്റർജന്റ് , സോപ്പ്, ഇത്യാദി സാധനങ്ങൾ ലൈസൻസി സ്വന്തം ചിലവിൽ കണ്ടെത്തേണ്ടതാണ്. ലൈസൻസി സ്വന്തം ചിലവിൽ വെള്ളം വൈദ്യുതി എന്നിവയ്ക്കുള്ള കണക്ഷൻ നേടേണ്ടതാണ് .ഇവയ്ക്കുള്ള ചാർജ്ജുകൾ ലൈസൻസി തന്നെ ഒടുക്കേണ്ടതാണ്.

2) 24 മണിക്കൂറും അല്ലെങ്കിൽ കോർപ്പറേഷന്റെ മുൻകൂർ അനുമതിയോടെ ഏറ്റവും ചുരുങ്ങിയത് രാവിലെ 06.00 മണി മുതൽ 10.00 വരെ ടോയ്ലറ്റ് / കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ പ്രവർത്തിപ്പിക്കേണ്ടതാണ് .

3) കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ ഇവയ്ക്കോ ഇവ പ്രവർത്തിപ്പിക്കാനുള്ള ഇതര സംവിധാനങ്ങൾക്കോ കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾ ലൈസൻസി സ്വന്തം ചിലവിൽ നിർവ്വഹിക്കേണ്ടതാണ്. ജില്ലാ ഹെഡ് ക്വാർട്ടേഴ്സിൽ പെയ്ഡ് യൂറിനൽ 24 മണിക്കൂറും പ്രവർത്തിക്കേണ്ടതാണ്.

4) പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനായി ഓരോ യൂണിറ്റിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും വൃത്തിഹീനമായ അന്തരീക്ഷത്തിൽ കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ എന്നിവ പ്രവർത്തിക്കുന്നുവെന്ന് ടി ഉദ്യോഗസ്ഥനോ കോർപറേഷൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരിൽ നിന്നോ പരാതി ലഭിച്ചാൽ റിപ്പോർട്ട് ലഭ്യമാകി മുൻകൂട്ടി അറിയിപ്പൊന്നുമില്ലാതെ തന്നെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതും 2000/- രൂപ വരെ പിഴ ചുമത്തുന്നതിനുമുള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

5) അത്തരത്തിൽ അയോഗ്യരാകുന്ന ലൈസൻസിയെ തുടർന്നുള്ള ലേലം /ടെണ്ടർ നടപടികളിൽ നിന്ന് പൂർണ്ണമായും അയോഗ്യത കൽപ്പിക്കുന്നതായിരിക്കും .

6) ആരോഗ്യവകുപ്പടക്കം മേൽ പരിശോധനയിൽ വൃത്തിഹീനമായി പ്രവർത്തിപ്പിക്കുന്നതായി കണ്ടെത്തുന്ന പക്ഷം സർക്കാർ നിഷ്കർഷിക്കുന്ന രീതിയുള്ള പരമാവധി പിഴ ചുമത്തുന്നതും ലൈസൻസ് റദ്ദാക്കൽ ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനു കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ് .

7) എല്ലാ ഓരോ മണിക്കൂറിലും കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ എന്നിവ വൃത്തിയാക്കേണ്ടതും ദുർഗന്ധം പൂർണ്ണമായും ഒഴിവാക്കി അണുവിമുക്തമായി സൂക്ഷിക്കേണ്ടതാണ്.

8) കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ എന്നിവയുടെ മലിന ജലം , മാലിന്യങ്ങൾ ലൈസൻസി സ്വന്തം ചിലവിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതും പൊതു ഓടകൾ , കനാലുകൾ ,മറ്റു ജല സ്രോതസുകൾ , പൊതുസ്ഥലങ്ങൾ , തുറസ്സായ സ്ഥലങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് നിർഗ്ഗമിക്കാതെ സംസ്കരിക്കേണ്ടതും ആയതിന് വരുന്ന ചിലവുകൾ ലൈസൻസി സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്.

9. യൂറിനൽ ,പൈപ്പുകൾ ,ക്ലോസറ്റുകൾ ,ലൈറ്റുകൾ എന്നിവ സമയാസമയം റിപ്പയർ ചെയ്യുകയോ ,പുതുക്കി വയ്ക്കുകയോ ചെയ്യേണ്ടതാണ് .ആയത് യൂണിറ്റ് അധികാരിയുടെ രേഖാമൂലമുള്ള അനുമതി /നിർദ്ദേശങ്ങൾ വാങ്ങി ചെയ്യേണ്ടതാണ് .

വനിതകളുടെ ടോയ്‌ലെറ്റ് നടത്തിപ്പിനും പരിപാലനത്തിനും വനിതകളെ നിയമിക്കേണ്ടതാണ്.

10. കംഫർട്ട് സ്റ്റേഷൻ /പെയ്ഡ് യൂറിനൽ എന്നിവ ഉപയോഗിക്കുന്ന യാത്രക്കാരോട് മാന്യമായി പെരുമാറേണ്ടതും നിഷ്കർഷിച്ചിരിക്കുന്ന തുക മാത്രം ഈടാക്കേണ്ടതുമാണ് . ഇത് സംബന്ധമായി പൊതു ജന പരാതികൾ ഉണ്ടായാൽ അന്വേഷിച്ച് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കുന്നതാണ് .

11. ലൈസൻസ് കാലാവധി അവസാനിപ്പിക്കുന്ന തീയതിയിൽ തന്നെ, കുറ്റമറ്റ രീതിയിൽ കെട്ടിടവും അനുബന്ധ ഉപകരണങ്ങളും യൂണിറ്റധികാരിയെ തിരികെ ഏൽപ്പിക്കേണ്ടതും ഏതെങ്കിലും വിധ നാശ നഷ്ടങ്ങൾ , കരാർ ലംഘനങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസി നൽകിയിരിക്കുന്ന കരുതൽ തുകയിൽ നിന്നും ടി തുക ഈടാക്കുന്നതാണ്. അതിലുപരിയുള്ള തുക നിയമാനുസ്രതം ഈടാക്കുന്നതായിരിക്കും.

- **പേ &പാർക്ക് എന്നിവയ്ക്ക് വേണ്ടി മേൽപ്പറഞ്ഞ general വ്യവസ്ഥകൾ കൂടാതെ താഴെപ്പറയുന്ന വ്യവസ്ഥകൾ കൂടി ലൈസൻസി പാലിക്കേണ്ടതാണ് .**

1. 24 മണിക്കൂറും പാർക്കിംഗ് അനുവദിക്കും. ഈ സമയത്ത് ആകെ ഉള്ളതിന്റെ 20% സ്ഥലം കെ.എസ്.ആർ.ടി.സി.യുടെ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ് .
2. നിയമ വിരുദ്ധമായ സാധനങ്ങൾ കയറ്റിയതോ പരിസര മലിനീകരണം ഉണ്ടാക്കുന്ന സാധനങ്ങൾ വഹിക്കുന്നതോ ആയ വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കാൻ പാടില്ല .
3. പാർക്കിംഗിനായി വരുന്നവർക്ക് ടോക്കൺ നൽകാനും പാർക്കിംഗിന് സഹായിക്കുന്നതിനും വേണ്ട സംവിധാനമുണ്ടായിരിക്കണം.
4. പാർക്കിംഗിന് വരുന്നവരോട് മര്യാദ പൂർവ്വം പെരുമാറേണ്ടതാണ് .
5. മദ്യപാനം തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ പാർക്കിംഗിന് അനുവദിച്ച സ്ഥലത്ത് അനുവദിക്കുവാൻ പാടില്ലാത്തതാണ് .
6. ദിവസേന വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്ക് സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കേണ്ടതാണ്.
7. ലൈസൻസി സ്വന്തം ചിലവിൽ CCTV സ്ഥാപിക്കേണ്ടതാണ്.
8. വ്യവസ്ഥകൾ പാലിച്ച് പാർക്കിംഗ് ഫീ ഒടുക്കി പാർക്കുചെയ്യുവാൻ ആവശ്യപ്പെടുന്നവരെ പാർക്കു ചെയ്യാൻ അനുവദിക്കേണ്ടതാണ് .
9. മേൽപ്പറഞ്ഞ കാര്യങ്ങളിൽ വീഴ്ച വരുത്തുന്നതായി കണ്ടാൽ കരാർ റദ്ദാക്കുന്നതായിരിക്കും
10. പാർക്കിംഗിന് ആവശ്യമായ സൗകര്യങ്ങൾ ലൈസൻസി സ്വന്തം ചിലവിൽ ഏർപ്പെടുത്തേണ്ടതാണ് .
11. ലൈസൻസ് ഫീസിനോടൊപ്പം അതാത് കാലയളവിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന സേവന നികുതി അടയ്ക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ് .
12. വൈദ്യുതി ചാർജ്ജ് ഇനത്തിൽ വേണ്ട വാർഷിക തുകയുടെ 25% സെക്യൂരിറ്റി നിക്ഷേപമായി അടയ്ക്കേണ്ടതാണ് .വൈദ്യുതിയ്ക്കുള്ള കണക്ഷൻ ലൈസൻസി

സ്വന്തം ചെലവിൽ നേടേണ്ടതും ചാർജ്ജ് കുടിശ്ശിക ഇല്ലാതെ ഒടുക്കി തീർക്കേണ്ടതുമാണ് അതിനുള്ള ചിലവുകൾ കോർപ്പറേഷൻ വഹിക്കുന്നതല്ല .

13. **പാർക്കിംഗ് ഫീ ഈടാക്കേണ്ടത് സംബന്ധിച്ച് ചുവടെ ചേർക്കുന്നു.**

| വാഹന ഇനം | സമയവും സ്ലാബ് നിരക്കും (രൂപ) | | | | | |
|---|---|---|---|---|---|---|
| | 0-2 മണിക്കൂർ വരെ | 2-4 മണിക്കൂർ വരെ | 4-8 മണിക്കൂർ വരെ | 8-16 മണിക്കൂർ വരെ | 16-24 മണിക്കൂർ വരെ | 24 മണിക്കൂറിന് മുകളിൽ |
| സൈക്കിൾ | 10 | 10 | 10 | 20 | 20 | 50 |
| ഇരു ചക്ര വാഹനം | 15 | 15 | 15 | 25 | 35 | 50 |
| ത്രീ വീലർ | 40 | 40 | 40 | 50 | 60 | 100 |
| ഫോർ വീലർ | 75 | 75 | 75 | 85 | 100 | 150 |
| ഹെവി വെഹിക്കിൾ | 100 | 100 | 100 | 150 | 200 | 250 |

24 മണിക്കൂർ കഴിയുന്ന പക്ഷം അവസാനത്തെ സ്ലാബിലെ തുക X ---------------- ദിവസം ഇപ്രകാരം പരമാവധി 5 ദിവസം മാത്രമേ അനുവദിക്കുകയുള്ളൂ.

ഒപ്പ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

**സ്വീകർത്താവ് :**

എല്ലാ യൂണിറ്റ് അധികാരികൾക്കും
എല്ലാ സോണൽ അധികാരികൾക്കും

അംഗീകാരത്തോടുകൂടി

**എസ്റ്റേറ്റ് ഓഫീസർ**